# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി പി8/528/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
കാര്യാലയ പ്രതി

നമ്പർ: കെ എസ് എ കെ കെ ഡി പി8/528/2022 തീയ്യതി: 26/03/2022

# കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്യാരി ലാൽ ടി സി | ജോയിന്റ് ഡയറക്ടർ | 09-03-2022 | 17-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-03-2022 | 17-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ പി ഹരി ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
എ കെ ഷൈന അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജിഷ സാമുവൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അഫ്സൽ ടി എം ഓഡിറ്റർ
ജിഷ പി ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിത പി | ചെയർപേഴ്സൺ | 01-04-2020 | 23-11-2020 |
| ബാബു നെല്ലൂളിൽ | ചെയർമാൻ | 21-12-2020 | 31-03-2021 |
| പ്രീയ പി | സെക്രട്ടറി | 01-04-2020 | 02-02-2021 |
| കേശവദാസ് പി | സെക്രട്ടറി | 11-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു എൻ | അസി എക്സി എൻജിനീയർ | 01-04-2020 | 31-03-2021 |
| റുബി നസീർ | അസി എൻജിനീയർ | 01-04-2020 | 31-03-2021 |
| മീന ടി | കൃഷി അസി ഡയറക്ടർ | 01-04-2020 | 09-09-2020 |
| ഗീത കെ ജി | കൃഷി അസി ഡയറക്ടർ | 09-09-2020 | 09-11-2020 |
| ശ്രുപ നാരായണൻ | കൃഷി അസി ഡയറക്ടർ | 09-11-2020 | 31-03-2021 |
| മുകേഷ് ടി എം | എസ് സി ഡി ഓ | 01-04-2020 | 31-03-2021 |
| സുബൈദ | സി ഡി പി ഓ | 01-04-2020 | 31-03-2021 |
| സനിൽകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| മുഹമ്മദ് നയീം | ഐ ഇ ഓ | 01-04-2020 | 21-12-2020 |
| വിപിൻദാസ് പി | ഐ ഇ ഓ | 21-12-2020 | 31-03-2021 |
| ഡോ മനലാൽ | മെഡിക്കൽ ഓഫീസർ | 01-04-2020 | 30-11-2020 |
| ഡോ ജ്യോതിമോൾ | മെഡിക്കൽ ഓഫീസർ | 01-12-2020 | 17-12-2020 |
| ഡോ മനലാൽ | മെഡിക്കൽ ഓഫീസർ | 18-12-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം-ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ്-അപാകതകൾ<br>Written By: Afsal T.M (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Afsal T.M (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-6 |
| 7 | അങ്കണപ്പച്ച - പദ്ധതി നടപ്പിലാക്കിയതിലെ അപാകത<br>Written By: Hari. K.P (Audit Officer (HG), On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-7 |
| 8 | ക്ഷീരവികസന ഓഫീസർ - നിർവഹണം ചെയ്ത പദ്ധതിയുടെ വൌച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Hari. K.P (Audit Officer (HG), On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-8 |
| 9 | ശ്മശാന നിർമ്മാണം- പെരുമണ്ണ – പ്രവൃത്തി പൂർത്തീകരിക്കാത്തതും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-9 |
| 10 | ഒരേ കെട്ടിടത്തിലെ നിർമ്മാണങ്ങൾക്ക് വ്യത്യസ്ത പദ്ധതികൾ- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-10 |
| 11 | തെറ്റായ ഇനം ഉൾപ്പെടുത്തി മണ്ണ് പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-11 |
| 12 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-12 |
| 13 | കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-13 |
| 14 | എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ഗുരുതര വീഴ്ചകൾ<br>Written By: Jisha Samuel (Asst. Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 1-14 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Jisha.P (Auditor, On 17-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെറ്റായ ഇനം ഉൾപ്പെടുത്തി മണ്ണ് പ്രവൃത്തി ചെയ്യതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 21-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Afsal T.M (Auditor, On 16-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 26-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

23-03-2020 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി അംഗീകരിച്ച സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 28-03-2020 തീയതിയിലെ 346/20 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 26-02-2021 ലെ 1/424/20 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു. അംഗീകരിക്കപ്പെട്ട ബജറ്റിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 7760780 |
| വരവ് | 448528318 |
| ആകെ | 456289098 |
| ചെലവ് | 448875198 |
| നീക്കിയിരിപ്പ് | 7413900 |

എ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

ബി)വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുകയും ബജറ്റിൽ പരിഗണിച്ച തുകയും തമ്മിൽ പൊരുത്തമില്ല

താഴെ പറയുന്ന സർക്കാർ ഗ്രാന്റിനങ്ങളിൽ വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുകയും ബജറ്റിൽ (ഷെഡ്യൂൾ 4, പ്രകാരം) വരുമാനമായി പരിഗണിച്ച തുകയും തമ്മിൽ പൊരുത്തമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗ്രാന്റിനം | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | ബജറ്റ് ഷെഡ്യൂൾ 4, പ്രകാരം വകയിരുത്തിയ തുക | വാർഷിക പദ്ധതിയെ അപേക്ഷിച്ച് കുറവ് /കൂടുതൽ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് (ജനറൽ) | 58857057 | 49524000 | 9333057 |
| 2 | എസ്.സി.പി | 29856854 | 19022000 | 10834854 |
| 3 | ടി.എസ്.പി | 794000 | 844000 | -50000 |
| 3 | മെയിന്റനൻസ് ഗ്രാന്റ് | 12585383 | 9019000 | 3566383 |
| ആകെ | | | | 23684294 |

മേല്പറഞ്ഞതിൽ നിന്നും വാർഷിക പദ്ധതിക്ക് വകയിരുത്തിയ സർക്കാർ ഗ്രാന്റ് പൂർണ്ണമായും ബജറ്റിൽ പരിഗണിച്ചിട്ടില്ലെന്ന് കാണാം. 23684294/-രൂപയുടെ വ്യത്യാസം ഇവ തമ്മിലുണ്ട്.

സി) തനത് ഫണ്ട് വകയിരുത്തിയതിലും പൊരുത്തക്കേട്

സ്ഥാപനത്തിന്റെ ബജറ്റിൽ വാർഷിക പദ്ധതിക്ക് 2152500/- രൂപയും ബജറ്റ് പുതുക്കിയപ്പോൾ 447000/- രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടില്ല.

ഡി) ബജറ്റിൽ നിന്നുള്ള വ്യതിയാനം-ബജറ്റ് പുതുക്കിയില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയ തുകയിൽ കൂടുതലോ തുക ചെലവഴിക്കേണ്ടി വരുമ്പോൾ പുതുക്കിയതോ സപ്ലിമെന്ററിയോ ആയ ബജറ്റ് അംഗീകരിച്ച് മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 230 ഒ & എം ചെലവുകൾ | 873000 | 703000 | 982262 |

ബജറ്റ് പുതുക്കിയപ്പോൾ പ്രൊവിഷൻ കുറഞ്ഞു. ബജറ്റ് അനുമതിയില്ലാതെ ചെലവ് നടത്തിയിട്ടുണ്ട്.

തുടർവർഷങ്ങളിലെ ബജറ്റുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലിയേഷൻ യഥാസമയം നടത്തുന്നില്ല. സ്റ്റേറ്റ്മെന്റ് തയാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

   B 17പ്രകാരം SBT TSC Ac -57012759553 ബാലൻസ് 1011/- രൂപയാണ്. ബാങ്ക് പാസ്ബുക്ക് പ്രകാരം ഇത് 1039/- രൂപയാണ്.
2. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.
3. B7 പ്രകാരം 1527595/- രൂപ ഓക് ഷൻ ഡെപോസിറ്റ് ആയി അവശേഷിക്കുന്ന ണ്ട്. ഈ തുക 2015-16 മുതൽ തുടർന്ന് പോരുന്നതാണ്. സ്ഥാപനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിശദ വിവരങ്ങൾ പരിശോധി ക്കാൻ സാധിച്ചിട്ടില്ല.
4. B 18 പ്രകാരം Other Advance ഇനത്തിൽ 2518570/- രൂപ അവശേഷിക്കുന്നു. ആയത് എത് ഇനത്തിൽ പെട്ടതാണെന്ന് പരിശോധിക്കാൻ രേഖകളുടെ അഭാവ ത്തിൽ സാധിച്ചില്ല. Advance Register സൂക്ഷിച്ചിട്ടില്ല.
5. വാർഷിക കണക്കിൽ, അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അന്വേഷണക്കുറി പ്പിന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8050784 |
| വരവ് | 115307938 |
| ആകെ | 123358722 |
| ചെലവ് | 118746481 |

| | |
|---|---|
| നീക്കിയിരിപ്പ് | 4612241 |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | വരവ്(ACR പ്രകാരം) | ചെലവ്(ACR പ്രകാരം) | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 51416720 | 51314166 | 102554 | 99.8 |
| വികസന ഫണ്ട് (എസ്.സി.പി) | 23297000 | 23297000 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 844000 | 553194 | 290806 | 65.5 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 8927780 | 8927780 | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Untied) | 9650000 | 8340040 | 1309960 | 86.4 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(tied) | 9650000 | 5270591 | 4379409 | 54.6 |

| | | | | |
|---|---|---|---|---|
| ആകെ | 103785500 | 97702771 | 6082729 | 94.1 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 103785500 രൂപയിൽ 97702771 രൂപ (94.1%) പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം-ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ്- അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|
| 149 | 159753694 | 130 | 97965995 | 19 | 61.3 |

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ പ്രൊജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും, അവയുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത കാര്യങ്ങൾക്ക് പദ്ധതികൾ വെച്ചു

വിവിധ മേഖലകളിൽ ഓഡിറ്റ് വർഷം ആസൂത്രണം ചെയ്ത് നിർവ്വഹിച്ച പദ്ധതികളിൽ പലതും കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം സ്ഥാപനത്തിന്റെ മേഖലാപരമായ ചുമതലകളിൽ പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടു ണ്ട് . ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | മേഖല | നിർവ്വഹണോദ്യോഗസ്ഥൻ | ആസൂത്രണം നടത്തിയ പ്രോജക്ടുകൾ | മേഖലയിലെ ചുമതലകൾ (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1) , പട്ടിക 4പ്രകാരമുള്ളത് ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാർഷികം | കൃഷി അസിസ്റ്റന്റ് | 1)71-നെൽകൃഷി കൂലിചെലവ് | എ) ഗ്രാമീണ തലത്തിൽ | ഉത്തരവാദിത്തങ്ങൾ |

| | | | | | |
|---|---|---|---|---|---|
| | | ഡയറക്ടർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ | സബ്സിഡി<br>2)76-പച്ചക്കറി കൂലി ചെലവ്<br>3)78-അങ്കണവാടി കളിൽ അങ്കണപച്ച<br>4)158-തരിശു ഭൂമി ആനുകൂല്യം നൽകൽ<br>5)159-സ്ഥിരം കൃഷി ആനുകൂല്യം നൽകൽ<br>6)മണ്ണ് ജല സംരക്ഷ ണം/തോട്സംരക്ഷണം ഇനത്തിൽ പെടുന്ന 24 പദ്ധതികൾ വെച്ചിട്ടുണ്ട് | നടപ്പാക്കുന്ന പദ്ധതികൾ ക്കായി കൃഷി ക്കാരെ പരിശീ ലിപ്പിക്കുക<br>ബി)ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് അവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക<br>സി)കാർഷിക പ്രദർശനങ്ങൾ നടത്തുക<br>പഞ്ചായത്ത്<br>ഡി) ബ്ലോക്ക് പ്രദേശത്തി നുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക<br>ഇ) കാർഷിക വായ്പ സ്വരൂപി ക്കുക<br>എഫ്) പട്ടുനൂൽ കൃഷി പ്രോത്സാ ഹിപ്പിക്കുക | പൂർണമായും നിറവേറ്റ പ്പെട്ടില്ല.<br>മേഖലാ പരമായ ഉത്തരവാ ദിത്തത്തിന് പുറത്തുള്ള കൂലിച്ചെലവ് നല്കി<br>ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തി നുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക എന്നത് നടപ്പാ ക്കാൻ സാധിച്ച |
| 2 | മൃഗസം രക്ഷണവും ക്ഷീരോത്പാ ദനവും | ഡയറി എക്സ്റ്റൻഷൻ ഓഫീസർ അസിസ്റ്റന്റ് ഡയറക്ടർ/സീനിയർ വെറ്ററിനറി സർജൻ | 1)84-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി<br>2)87-ക്ഷീര വികസന ഓഫീസ്- അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ | 1)വെറ്ററിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജ സങ്കലന കേന്ദ്ര ങ്ങളും നടത്തുക<br>2)മൃഗസംരക്ഷ ണത്തിൽ വിദഗ്ദ സേവനം നല്കുക | ഉത്തരവാദപ്പെട്ട മേഖലകളിൽ ഇടപെ ടൽ ഇല്ല.<br>നടപ്പിലാ ക്കിയ പദ്ധതികൾ ചുമതലയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | 3) കന്നുകാലി കോഴിപ്രദർശന ങ്ങൾ നടത്തുക | പെടുന്നില്ല. അസിസ്റ്റന്റ് ഡയറക്ടർ/ സീനിയർ വെറ്ററിനറി സർജൻ എന്നിവർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല |
| 3 | ചെറുകിട ജലസേചനം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ | 1)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം 33 കുടിവെള്ള പദ്ധതികൾക്ക് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. 2)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ / അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം 7 ചെറുകിട ജലസേചന പദ്ധതികൾക്ക് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. | ഒന്നിലധികം ഗ്രാമപഞ്ചാ യത്തുകൾ ക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലി ക്കുകയും ചെയ്യുക | പ്രശ്നങ്ങൾ പരിശോധി ക്കുകയോ പരിഹരി ക്കുകയോ ചെയ്തിട്ടില്ല. നടപ്പാക്കിയ വയിൽ ബഹു ഭൂരിപക്ഷ പദ്ധതികളും കുടിവെള്ള പദ്ധതികളാണ് |
| 4 | മത്സ്യ ബന്ധനം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | പരമ്പരാഗത കടവുകളുടെ വികസനം | പ്രശ്നങ്ങൾ പരി ശോധിക്കു കയോ പരിഹരിക്കു |

| | | | | | |
|---|---|---|---|---|---|
| | | | | | കയോ ചെയ്തിട്ടില്ല |
| 5 | ചെറുകിട വ്യവസായം | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1)38 സൂക്ഷ്മ സംരഭങ്ങൾ,സേവന സംരംഭങ്ങൾ<br>2)131 സൂക്ഷ്മ സംരംഭ ങ്ങൾ, സേവന സംരംഭ ങ്ങൾ | 1)മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക<br>2)വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക<br>3) SSIയുടെ മൂന്നിലൊന്ന് നിക്ഷേപ പരി ധിയോടു കൂടിയ വ്യവസായങ്ങ ൾ പ്രോത്സാ ഹിപ്പിക്കുക | ഉത്തരവാ ദിത്തങ്ങൾ ഭാഗികമായി പരിഗണിച്ചു |
| 6 | ഭവന നിർമ്മാണം | സെക്രട്ടറി | ഭവന നിർമ്മാണ ത്തിനായി 5 പദ്ധതി കൾ നടപ്പിലാക്കി | 1) ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രോത്സാ ഹിപ്പിക്കുക<br>2) ഭവന നിർമ്മാണം സഹകരണ സംഘങ്ങൾ പ്രോത്സാ ഹിപ്പിക്കുക | ക്രമനം 2 പ്രകാരമുള്ള ഉത്തരവാ ദിത്തം നിറവേറ്റ പ്പെട്ടില്ല |
| 7 | വിദ്യുച്ഛക്തിയും ഊർജ്ജവും | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | പ്രോജക്ടു കളില്ല. | 1)പാരമ്പേതര ഊർജ്ജ്യ സ്രോതസ്സുകൾ വികസിപ്പിക്കുക | പാരമ്പേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക യെന്നത് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഊർജ്ജ നയമായി ട്ടും യാതൊരു |

| | | | | | |
|---|---|---|---|---|---|
| | | | | | പ്രാധാന്യവും നല്കിയില്ല. |
| 8 | വിദ്യഭ്യാസം | സെക്രട്ടറി | പ്രോജക്ടുകളില്ല. | സർക്കാർ വ്യവ സായ പരിശീലന സ്ഥാപനങ്ങളു ടെ നടത്തിപ്പ് | സ്ഥാപനങ്ങളും പ്രവർത്ത നങ്ങളുമില്ല. |
| 9 | പൊതു മരാമത്ത് | അസി.എക്സി. എഞ്ചിനീയർ/ എ ഇ | നിയമത്തിൽ പരാമർ ശിച്ച റോഡുകൾ നില വിൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ല. എന്നാൽ വിവിധ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലും, അതത് പഞ്ചായ ത്തുകളുടെ അതിർത്തി ക്കുള്ളിൽ മാത്രം ഒതുങ്ങുന്നതുമായ 7 റോഡ് പ്രവൃത്തി കൾക്ക് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. | 1)ഒന്നിലധികം ഗ്രാമ പഞ്ചായ ത്തുകളെ തമ്മി ൽ ബന്ധിപ്പിക്കു ന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും സ്ഥാപനത്തിൽ നിക്ഷി പ്തമായ മറ്റ് റോഡുകളും പരിപാലി ക്കുക 2) സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപന ങ്ങൾക്കായി കെട്ടിട ങ്ങൾ നിർമ്മിക്കുക | ക്രമനം 1 പ്രകാരമുള്ള ഉത്തരവാദിത്വം പൂർണ്ണമായും അവഗണി ക്കപ്പെട്ടു. സ്വന്തം ആസ്തികളുടെ പുനരുദ്ധാരണ ആവശ്യകത പരി ഗണിക്കാതെ മറ്റ് സ്ഥാപന ആസ്തി കളിൽ തുക വിനിയോഗിച്ചു |
| 10 | പൊതുജനാ രോഗ്യവും ശുചീകരണവും | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 1)91 സി.എച്ച് സി കളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക 2)സി.എച്ച്.സി ചെറുവാടി ഫർണിച്ചറും അനുബന്ധ ഉപകരണ ങ്ങളും 3)സി.എച്ച്.സി ചെറൂപ്പയുടെ വികസന പ്രവർത്തനങ്ങൾക്കായി 3 പദ്ധതികൾ വെച്ചു | 1)ബ്ലോക്ക് പഞ്ചായ ത്തിനുള്ളിൽ എല്ലാ ത രം ചികിത്സാ സമ്പ്ര ദായങ്ങളിലുമുള്ള സാമൂ ഹ്യാരോഗ്യ കേന്ദ്രങ്ങ ളും താലൂക്ക് ആശുപ ത്രികളും നടത്തുക | ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ട് DME യുടെ ഉടമസ്ഥത യിലുള്ള സ്ഥാപന ആസ്തികളിലും തുക വിനിയോഗിച്ചു |

| | | | | | |
|---|---|---|---|---|---|
| 11 | സാമൂഹ്യ ക്ഷേമം | സി ഡി പി ഒ | 4 പ്രൊജക്റ്റുകൾ നടപ്പിലാക്കി | ഐ.സി.ഡി. എസുകൾ നടത്തുക | ആവശ്യമായ ഇടപെടൽ നടത്തുന്നു |
| 12 | ദാരിദ്ര്യ നിർമ്മാർജ്ജനം | സെക്രട്ടറി | പ്രോജക്ടുകളില്ല. | 1) ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുര ക്ഷാ പദ്ധതികൾ ആസൂ ത്രണം ചെയ്യു കയും നടപ്പാക്ക കയും ചെയ്യുക<br>2) പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോടു കൂടിയ തൊഴിൽ നല്കുകയും ചെയ്യുക | ക്രമ നം 1 പ്രകാരമുള്ള ഉത്തരവാദിത്തംനിറവേറ്റപ്പെടുന്നില്ല. തൊഴിലുറപ്പ് പദ്ധതിയിലൂടെ ക്രമനം 2 പ്രകാരമുള്ളത് പരിഗണിക്കപ്പെടുന്നു |
| 13 | പട്ടികജാതി പട്ടിക വർഗ്ഗ വികസനം | പട്ടികജാതി വികസന ഓഫീസർ | 1)69 പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്<br>2)130-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി<br>3)പ്രീ-മെട്രിക് ഹോസ്റ്റലിന് അനുബന്ധ സൗകര്യങ്ങൾ | 1)പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക<br>2) പട്ടികജാതി പട്ടിക വർഗ്ഗ ക്കാർക്ക് വേണ്ടി യുള്ള സഹകര ണ സംഘങ്ങൾ വളർത്തുക | ക്രമ നം 2 2 പ്രകാരമുള്ള ഉത്തരവാദിത്തം നിറവേറ്റപ്പെടുന്നില്ല |
| 14 | സഹകരണം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | പ്രോജക്ടുകളില്ല. | 1)ബ്ലോക്ക് പഞ്ചായത്ത് അതിർത്തി | പ്രവർത്തനങ്ങളില്ല |

| | | | | | |
|---|---|---|---|---|---|
| | | | | ക്കളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക<br>2)സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക | |

മേൽ പരാമർശിച്ച മേഖലാപരമായ ചുമതലകളില്ലാതെ പൊതുവായ ചില ചുമതലകളും നാലാം പട്ടികയിൽ പരാമർശിച്ചിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

1. ബ്ലോക്ക് തലത്തിൽ സർക്കാർ/സർക്കാരേതര സാങ്കേതിക വൈദഗ്ദ്യം ഉപയോഗപ്പെടുത്തുക
2. ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതികസഹായം നല്കുക
3. ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

പൊതുവായ ചുമതലകളിൽ ക്രമ നം 3 പ്രകാരമുള്ള ചുമതലകളും, സബ്സിഡി മാർഗ്ഗരേഖ എന്നിവ അടിസ്ഥാനമാക്കിയാണ് വാർഷിക പദ്ധതി രൂപീകരിച്ചിരിക്കുന്നതെന്ന് അംഗീകരിക്കപ്പെട്ട പ്രോജക്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. ഇതുകൊണ്ട് തന്നെ മിക്ക മേഖലകളിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു. ഇത് ഈ മേഖലകളുടെ വികാസത്തിന് തടസ്സം നില്ക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

2)പദ്ധതി വിഹിതത്തിന്റെ ലഭ്യത ആനുപാതികമല്ല

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് 2013-14 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം വികസന ഫണ്ട് (ജനറൽ)/ വികസന ഫണ്ട് (എസ്.സി.പി) എന്നീ ഇനങ്ങളിലായി ലഭിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു. ഈ തുകകൾ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ഫണ്ടുൾപ്പെടെയാണ്.

| സാമ്പത്തിക വർഷം | വികസന ഫണ്ട്-ജനറൽ | വികസന ഫണ്ട്-എസ്.സി.പി | വികസന ഫണ്ട്-ടി എസ് പി |
|---|---|---|---|
| 2013-14 | 38560724 | 22777702 | 527500 |
| 2014-15 | 45044665 | 22739054 | 615500 |

| | | | |
|---|---|---|---|
| 2015-16 | 50310236 | 24162963 | 825625 |
| 2016-17 | 50708739 | 33283670 | 1383492 |
| 2017-18 | 52766341 | 23863000 | 714000 |
| 2018-19 | 60842000 | 24596000 | 865000 |
| 2019-20 | 64530000 | 24950000 | 876000 |
| 2020-21 | 51416720 | 23297000 | 844000 |

പദ്ധതി വിഹിതം നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകം ജനസംഖ്യയാണ്. 2020-21 ലെ പദ്ധതിരേഖ പ്രകാരം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 382488 ഇതിൽ എസ്.സി 28994(7.6 ശതമാനം) ഉം എസ്.ടി 1120 ഉം ആണെന്ന് കാണാം. ഇത് 2011 ലെ സെൻസസിനെ ആധാരമാക്കിയ കണക്കാണ്. 2015-16 ൽ മുക്കം ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി മാറിയിട്ടുപോലും ആകെ ലഭിക്കുന്ന ഫണ്ട് ലഭ്യതയിൽ മാറ്റം വന്നിട്ടില്ല.

ജനസംഖ്യ കണക്ക് പരിശോധിച്ചാൽ മൊത്തം ജനവിഭാഗത്തിന്റെ ഭൂരിഭാഗവും ജനറൽ വിഭാഗമാണ്. ബജറ്റ് വിഹിതം അനുവദിക്കുമ്പോൾ ജനസംഖ്യയ്ക്ക് അനുസൃതമായാണ് തുക കണക്കാക്കുന്നത്. വിവിധ കാലയളവിലെ ബജറ്റ് വിഹിതം അനുവദിച്ചപ്പോൾ ആകെ ജനസംഖ്യയുടെ കുറഞ്ഞ ശതമാനം വരുന്ന വിഭാഗത്തിന് പൊതുവിഭാഗത്തെക്കാൾ ആനുപാതികമായി അധികം തുക അനുവദിച്ചിട്ടുള്ളതായി കാണാം. അതിനാൽ തന്നെ ജനസംഖ്യ അടിസ്ഥാനപ്പെടുത്തിയിട്ടല്ല എസ്.സി.പി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു.

ബജറ്റ് വിഹിത പ്രകാരമുള്ള ഫണ്ടിന്റെ വരവിലുണ്ടായ അന്തരം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ലഭിക്കേണ്ട എസ്.സി.പി വിഹിതം അധികം ലഭ്യമായതാണെങ്കിൽ പരിശോധിക്കേണ്ടതാണ്. ജനറൽ ഫണ്ട് ബജറ്റ് അലോക്കേഷനിൽ കുറവ് വന്നതാണെങ്കിൽ ആയതും പരിശോധിക്കേണ്ടതും അധിക ഫണ്ട് ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-11-2019ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

1-7 അങ്കണപ്പച്ച - പദ്ധതി നടപ്പിലാക്കിയതിലെ അപാകത

അങ്കണവാടികളിലെ കുട്ടികൾ, അമ്മമാർ എന്നിവരെ ഉപയോഗപ്പെടുത്തി പച്ചക്കറി കൃഷി മൺകുടത്തിൽ ചെയ്യുന്ന രീതിയാണ് അങ്കണപ്പച്ച (പ്രോ. നമ്പർ 78/21). ഇതിനായി ബിൽ നമ്പർ 20170263011801384358/26.03.2021 പ്രകാരം 589000/- രൂപ റയ്ഡ്കോ മുക്കത്തിൽ നിന്ന് 2945 മൺകുടവും, അതിൽ ചേർക്കേണ്ട മണ്ണ്, ചകിരിച്ചോറ്, മറ്റ് വളങ്ങൾ എന്നിവ ഒരു യൂണിറ്റിന് 200 രൂപ നിരക്കിലും വാങ്ങിയിട്ടുണ്ട്. (2945x200, 589000)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉള്ള 8 ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിലാണ് ഈ മൺചട്ടി വിതരണം ചെയ്തത്. ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| അങ്കണവാടികളുടെ പേര് | അങ്കണവാടികളുടെ എണ്ണം | വിതരണം ചെയ്ത മൺകുടം & പച്ചക്കറി വിത്ത്/തൈ |
|---|---|---|
| 1. പെരുവയൽ | 35 | 350 |
| 2. പെരുമണ്ണ | 38 | 3850 |
| 3. കുരുവട്ടൂർ | 40 | 400 |
| 4. ചാത്തമംഗലം | 55 | 550 |
| 5. കുന്ദമംഗലം | 32 | 320 |
| 6. കുന്ദമംഗലം | 31 | 310 |

| | | |
|---|---|---|
| 7. മാവൂർ | 24 | 240 |
| 8. കൊടിയത്തൂർ | 27 | 270 |
| 9. കാരശ്ശേരി | 23 | 230 |
| ആകെ | 305 | 3050 |

ആകെയുള്ള 305 അങ്കണവാടികളിൽ ഒരു യൂണിറ്റിൽ 10 ചട്ടി എന്ന നിരക്കിലാണ് ഇത് വിതരണം ചെയ്തത്. ഇതിൽ 2952 ചട്ടികൾ/മൺകുടം മാത്രമാണ് റയ്ഡ്കോയിൽ നിന്ന് വാങ്ങിയത്. 3050 ചട്ടികൾ എങ്ങനെ വിതരണം ചെയ്യാനാകും എന്ന് വ്യക്തമാകുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി വെള്ളന്നൂർ അങ്കണവാടി (ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 117) ടീച്ചർ ഇ.കെ ദീപയെ ഫോണിൽ വിളിച്ചപ്പോൾ (നമ്പർ:9745586922) ഇപ്പോൾ 18 ചട്ടി മാത്രമാണ് ഉള്ളതെന്നും, ഇത് പൂച്ചട്ടി ആയി ഉപയോഗിക്കുകയാണ് എന്നറിയിച്ചു. നിലവിൽ ഈ പദ്ധതിയുടെ സ്ഥിതി 305 അങ്കണവാടികളിലും പരിശോധിച്ച് പദ്ധതി ലക്ഷ്യം വെച്ച രീതിയിൽ നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-8 ക്ഷീരവികസന ഓഫീസർ - നിർവഹണം ചെയ്ത പദ്ധതിയുടെ വൌച്ചർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ ക്ഷീരവികസന ഓഫീസറുടെ പദ്ധതി ചെലവ് പരിശോധിച്ചതിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതി (84/21) പ്രകാരം 2020-21 വർഷത്തിൽ ഐ.കെ.എം സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 43,34,768/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ താഴെ കൊടുത്ത ബിൽ വൗച്ചർ മാത്രമേ ലഭ്യമായിട്ടുള്ളൂ.

| ബിൽ നമ്പർ | തുക |
|---|---|
| 1. 201603520233011029 41/17.02.2021 | 6,41,455 |
| 2. 20160352023301129024/23.01.21 | 4,965 |
| 3. 20170852012301166267/26.02.21 | 2,12,584 |
| 4. 20170852012301166275 | 1,33,236 |
| 5. 20170852012301166269/26.02.21 | 7,54,180 |

| | |
|---|---|
| 6. 20170263011501450431/31.03.21 | 449219 |
| ആകെ | 2195639 |

അവശേഷിക്കുന്ന 2139129/- രൂപയുടെ ബിൽ/വൗച്ചർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ കുറിപ്പിന് മറുപടി നൽകിയിട്ടില്ല. മേൽ ബിൽ/വൗച്ചറുകൾ ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വെക്കുന്നു

## 1-9 ശ്മശാന നിർമ്മാണം- പെരുമണ്ണ – പ്രവൃത്തി പൂർത്തീകരിക്കാത്തതും മറ്റപാകതകളും

2017-18 വർഷത്തിൽ 5,00,000/-രൂപ വികസനഫണ്ട് അടങ്കലിൽ രൂപീകരിച്ചതാണ് ഈ പദ്ധതി(പ്രോ.നം.85/18). പെരുമണ്ണ ശ്മശാനത്തിലെ റെസ്റ്റ് റൂമിന്റെ അറ്റകുറ്റപണി, ക്രമിറ്റോറിയത്തിന്റെ നവീകരണം, ടോയ് ലെറ്റ് നിർമ്മാണം, വാട്ടർസപ്ലൈ എന്നിവയാണ് ഇതിലുൾപ്പെടുത്തിയിരുന്നത്. അഷ്റഫ് എന്ന കരാറുകാരനുമായി 12.3.18ന് കരാർ ചമച്ചെങ്കിലും 4.2.19 നാണ് പ്രവൃത്തി ആരംഭിച്ചത്. 1.4.2019 വരെ തീയതികളിലായി റെസ്റ്റ് റൂം, ടോയ് ലെറ്റ് എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തു.

29.5.2019ലെ ഭരണസമിതി മീറ്റിംഗ് തീരുമാനം 273(3)/19 പ്രകാരം പല തവണ കരാറുകാരനുമായി ബന്ധപ്പെട്ടിട്ടും ഈ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്ത് നിരതദ്രവ്യം തടഞ്ഞു വെക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 16.7.19 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AEE/KGM Block/2019-20 കത്ത് മുഖേന കരാറുകാരനോട് ഷെഡിനു മുകളിൽ വിരിച്ച ഷീറ്റ് പാറിപ്പോയത് ഉടൻ തന്നെ പരിഹരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചോയെന്ന് ഫയലിൽ വ്യക്തമല്ല.

2019-20 വർഷത്തിൽ ഈ പദ്ധതിയുടെ അടങ്കൽ 1,58,155/- രൂപയായി കുറച്ചിട്ടുണ്ട്. അളവുപുസ്തക പ്രകാരം 4.2.19 വരെ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കി 1,58,154/-രൂപയുടെ ബിൽ തയ്യാറാക്കി (പാർട്ട് ബിൽ എന്നാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയത്) ബിൽ നമ്പർ 47/11.04.20 പ്രകാരം കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും റീടെൻഷൻ തുക ഈടാക്കിയിട്ടില്ല.

ഭരണസമിതി തീരുമാന പ്രകാരം ഇദ്ദേഹത്തിന്റെ സെക്യൂരിറ്റി തുക കണ്ടുകെട്ടിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. തുടർന്ന് ബാക്കി പ്രവൃത്തിയ്ക്കായി പുതിയ പ്രോജക്ട് വെച്ചിരുന്നോ ശ്മശാനം പ്രാവർത്തികമാക്കിയോ എന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. പാർട്ട് ബിൽ നൽകിയപ്പോൾ റീട്ടെൻഷൻ തുക ഈടാക്കാതിരുന്നതും വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 ഒരേ കെട്ടിടത്തിലെ നിർമ്മാണങ്ങൾക്ക് വ്യത്യസ്ത പദ്ധതികൾ-നിർവ്വഹണത്തിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലും അനുബന്ധ കെട്ടിടത്തിലും 2020-21 വർഷത്തിൽ നടത്തിയ നിർമ്മാണങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു,

| ക്രമ നം | പ്രോജക്ട് പേര്/ നമ്പർ/കരാറുകാരൻ | വിഭാവനം ചെയ്ത വർഷം/ അടങ്കൽ | ചെലവ് | എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ച പ്രവൃത്തികൾ | എസ്റ്റിമേറ്റ് പുതുക്കി ചെയ്ത പ്രവൃത്തികൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1 | SCDO, CDPO,ബ്ലോക്ക് പഞ്ചായത്ത് അനുബന്ധ സ്ഥാപന അറ്റകുറ്റപണി, 157/21 | 2018-19 10,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം | 9,57,621/- 10/20-21/9.9.20 | സെക്രട്ടറിയുടെ റൂം, ഫ്രണ്ട് ഓഫീസ്, റെക്കോർഡ് റൂം എന്നിവയുടെ പുതുക്കി പണിയൽ, നിലവിലെ ചെറിയ ബ്ലോക്കിന്റെ എക്സ്റ്റൻഷൻ | കോൺക്രീറ്റ് പണികളുടേയും, ഫ്ലോറിംഗിന്റേയും ഡിസ്മാന്റലിംഗി നായി എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. എസ്റ്റിമേറ്റിലെ പല ഇനങ്ങളും 25% അധികം ചെയ്യേ ണ്ടി വന്നു. പെയി ന്റിംഗ്, ഫാൾസ് സീലിംഗ് പ്രവൃത്തികൾ ഒഴിവാക്കി. |
| 2 | 2018-19 ബ്ലോക്ക് ഓഫീസ് നവീകരണം113/21 | 2018-19 5,00,000/- വികസനഫണ്ട് | 243587/- 256413/- | റെക്കോർഡ് റൂമിന്റെ ലീക്ക് മാറ്റുക, റാമ്പ് വർക്ക്, പെയിംന്റിംഗ്, രാജീവ് സേവ കേന്ദ്രത്തിന്റെ സ്റ്റേജിന്റെ അനുബന്ധ പ്രവൃത്തികൾ, ബ്ലോക്ക് ഓഫീസിന്റെ വൈദ്യുതീകരണം | എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി കൾ നടത്തി. |
| 3 | 2019-20 ഐ.എസ്. ഒ. സർട്ടിഫിക്കറ്റ് സൗകര്യം ഒരുക്കൽ, 128/21 | 2019-20 3,31,000/- സംരക്ഷണഗ്രാന്റ് റോഡിതരം | 313204/-(253414+ 59790) | പുതുതായി നിർമ്മിച്ച ബ്ലോക്കിന് ഇ-ബോർഡ് ഫാൾസ് സീലിംഗ്, അലൂമിനിയം പാർട്ടീഷൻ, പെയിംന്റിംഗ്, ഡോർ, വിൻഡോ എന്നിവ | ഫാൾസ് സീലിംഗ് ഇ- ബോർഡ് ഒഴി വാക്കി പി.വി.സി. സീലിംഗ് നൽകി, അകത്തളത്തിലെ ചില ഭാഗങ്ങ ളിലെ പൈപ്പുകളും മറ്റും മറയ്ക്കുന്ന തിന് എ.സി.പി. ക്ലാഡിംഗ് പ്രവൃത്തി ഉൾപ്പെടുത്തി. |

| | | | | | |
|---|---|---|---|---|---|
| 4 | ബ്ലോക്ക് പഞ്ചായത്ത് ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപണി, 168/21 | 2019-20 5,05,689/- സംരക്ഷണഗ്രാന്റ് റോഡിതരം | 501900/- | രണ്ട് ടേയ് ലെറ്റുകളുടെ നിർമ്മാണവും, ബ്ലോക്ക് പഞ്ചായത്ത് ബിൽഡിംഗിന്റെ പെയിന്റിംഗ് പ്രവൃത്തികളും, അലുമിനിയം പാർട്ടീഷൻ പ്രവൃത്തികളും | നിലവിലുള്ള ടോയ് ലെറ്റിന്റെ അറ്റകുറ്റപണികൾക്കായും, ക്വാളിറ്റി കൺട്രോൾ ലാബിന്റെ അറ്റകുറ്റ പണിക്കായും ഇനങ്ങൾ ഉൾപ്പെടുത്തി. പെയിന്റിംഗ് പ്രവൃത്തിയുടെ അളവ് വളരെയധികം കൂട്ടി ചെയ്തു. എക്സ്ട്രായായി 12 ഇനങ്ങൾ ഉൾപ്പെടുത്തി. സ്ക്രാപ്പിംഗ്, പ്രൈമർ എന്നിവയും പുതുതായി ഉൾപ്പെടുത്തി |

മുകളിൽ വിവരിച്ചവയിൽ ക്രമ നമ്പർ 2 ഒഴികെയുള്ള ബാക്കി പ്രോജക്ടുകളെല്ലാം എസ്റ്റിമേറ്റ് പുതുക്കിയാണ് നിർമ്മാണം നടത്തിയത്. മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. പദ്ധതികൾ സമഗ്രതയോടെ തയ്യാറാക്കുന്നില്ല

പഞ്ചായത്ത് കെട്ടിടത്തിൽ തന്നെയുള്ള മേൽ നിർമ്മാണങ്ങൾ മുഴുവനായി ഉൾക്കൊള്ളിച്ച് സമഗ്രമായ പദ്ധതി തയ്യാറാക്കാതെ ഒരേ വർഷത്തിൽ തന്നെ വ്യത്യസ്ത പ്രോജക്ടുകളായി നടപ്പിലാക്കുന്നു. ഇതുമൂലം പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി മുതൽ ടെണ്ടർ വരെയുള്ള വിവിധ നടപടികൾക്കായി സാങ്കേതിക വിഭാഗത്തിന്റെ മനുഷ്യാധ്വാനം കൂടുന്ന അവസ്ഥയും, ടെണ്ടറിൽ ലഭ്യമാക്കാമായിരുന്ന കുറവ് ഉറപ്പാക്കാൻ സാധിക്കാതെയും വന്നു.

2. യഥാർത്ഥ ആവശ്യങ്ങൾ കണക്കാക്കാതെ/ തീരുമാനിക്കാതെ പ്രോജക്ടുകൾ വിഭാവനം ചെയ്യുന്നു

മുകളിൽ വിവരിച്ച പട്ടിക പരിശോധിച്ചാൽ എസ്റ്റിമേറ്റുകളിൽ വിഭാവനം ചെയ്യുന്നതും, യഥാർത്ഥത്തിൽ നടപ്പാക്കുന്നതും വ്യത്യസ്തമാണെന്ന് കാണാം. യഥാർത്ഥത്തിലുള്ള ആവശ്യങ്ങളല്ല പദ്ധതികളായി രൂപാന്തരപ്പെടുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. നിർവ്വഹണസമയത്തെ ആവശ്യങ്ങൾക്കനുസരിച്ച്/ അഭിപ്രായങ്ങൾക്കനുസരിച്ച് പ്രവൃത്തികളിൽ മാറ്റം വരുത്തുകയാണ് ചെയ്യുന്നത്. പ്രോജക്ടുകൾക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ വെറും സാങ്കേതികത്വം മാത്രമായി ഒതുങ്ങുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം ആയതിനനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന പ്രവണത കണ്ടു വരുന്നു.

3. എല്ലാ എസ്റ്റിമേറ്റുകളും പുതുക്കി

മേൽ പദ്ധതികൾ പരിശോധിച്ചാൽ രണ്ടാമത്തെ പദ്ധതിയൊഴികെ എല്ലാ പ്രവൃത്തികളും നടപ്പാക്കിയത് എസ്റ്റിമേറ്റിൽ മാറ്റം (പുതുക്കി) വരുത്തിയാണെന്ന് കാണാം. പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ആവശ്യങ്ങൾ കണ്ടെത്തി ആയതിനനുസരിച്ച് ഇനങ്ങൾ ഉൾപ്പെടുത്തുന്നതിനും, അളവുകൾ കണക്കാക്കുന്നതിലും സാങ്കേതിക വിഭാഗം

പരാജയപ്പെടുന്നുവെന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/ 2020/CE/LID&EW നമ്പർ സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നു. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങളുടെ പ്രകടമായ ലംഘനങ്ങളാണ് മുകളിൽ വിവരിച്ച പദ്ധതികളുടെ കാര്യത്തിൽ ഉണ്ടായിരിക്കുന്നത്.

4. തെറ്റായ ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നു

എ. മേൽ വിവരിച്ചതിൽ മൂന്നു പ്രോജക്ടുകളിലും വ്യത്യസ്ത അളവുകളിലായി ഉൾപ്പെട്ട/ചെയ്ത ഒരിനമാണ് അലുമിനിയം കോമ്പോസിറ്റ് പാനൽ പ്രവൃത്തികൾ. ഇതിനായി ഓരോ പ്രോജക്ടിലും ഉൾപ്പെടുത്തിയത് വ്യത്യസ്ത ഇനങ്ങളാണ്. സ്പിൽഓവർ പ്രോജക്ടുകളായി ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് പേര്/നമ്പർ | 2018-19 ബ്ലോക്ക് ഓഫീസ് നവീകരണം, 113/21 | 2019-20 ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് സൗകര്യം ഒരുക്കൽ, 128/21 | ബ്ലോക്ക് പഞ്ചായത്ത് ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റപണി, 168/21 |
| ഉൾപ്പെടുത്തിയ ഇനങ്ങൾ (DAR/PRICE) | 25.1 (അലുമിനിയം ഫ്രെയിം വർക്ക്)<br>25.2 (സ്ട്രക്ച്ചറൽ ഗ്ലേസിംഗ്) | 25.1 (അലുമിനിയം ഫ്രെയിം വർക്ക്)<br>25.2 (സ്ട്രക്ച്ചറൽ ഗ്ലേസിംഗ്) | 9.5.2.2 (അലുമിനിയം ഫ്രെയിം വർക്ക്)<br>25.7 (സ്ട്രക്ച്ചറൽ ഗ്ലേസിംഗ്) |
| ചെയ്ത പ്രവൃത്തി | പുതുതായി കൂട്ടിയെടുത്ത ബ്ലോക്ക് ഓഫീസിന്റെ ഉൾവശത്തെ ഭിത്തിയിൽ കൂടി കടന്നു പോകുന്ന പൈപ്പുകളും മറ്റും കാണാത്ത രീതിയിൽ എ.സി.പി.ഷീറ്റ് ഉപയോഗിച്ച് ക്ലാഡിംഗ് പ്രവൃത്തി ചെയ്തു. | ആദ്യ പദ്ധതിയിൽ ചെയ്ത അതേ പ്രവൃത്തി (കുറച്ച് ഏരിയയുടെ തുക ഈ പ്രോജക്ടിൽ നിന്നും നൽകി). | എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ലാബിന്റെ ഗ്രില്ലിട്ട സൈഡിനു പുറമേ എ.സി.പി.ഷീറ്റ് ഉപയോഗിച്ച് മറ(പാർട്ടീഷൻ) നിർമ്മിച്ചിരിക്കുന്നു. |

മേൽ പ്രവൃത്തികൾ നേരിൽ പരിശോധിച്ചതിൽ രണ്ടെണ്ണത്തിൽ ഉൾചുമരുകളുടെ ക്ലാഡിംഗും, മറ്റൊരു പ്രവൃത്തിയിൽ പാർട്ടീഷൻ പ്രവൃത്തിയും ആണ് നടത്തിയതെന്ന് വ്യക്തമാകുന്നു. എ.സി.പി. പ്രവൃത്തിക്കായി ഉൾപ്പെടുത്തിയ ഐറ്റം DAR ലെ 25 ◌ാം അദ്ധ്യായത്തിലെ ഇനങ്ങളാണ്. ഇവയുടെ വിവരണം പരിശോധിച്ചാൽ ബഹുനില കെട്ടിടങ്ങളുടെ ബാഹ്യവശങ്ങളിൽ മഴയേയും, കാറ്റിനേയും പ്രതിരോധിക്കും വിധവും, കെട്ടിടത്തിനകത്തെയും പുറത്തേയും മർദ്ദം സന്തുലിതമാകും വിധവും എ.സി.പി. സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് ഇതെന്ന് വ്യക്തമാകുന്നു. ഇതിന്റെ ഡാറ്റയിൽ വെതർ സീലന്റ്, EPDM Gasket എന്നീ സാധനങ്ങളും, ഇവ ഉറപ്പിക്കുന്നതിനുള്ള വലിയ നിരക്കിലുള്ള ഇൻസ്റ്റലേഷൻ, ഫാബ്രിക്കേഷൻ ചാർജ്ജുകളും ഉൾപ്പെടുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ ഇത്തരത്തിലുള്ള സാമഗ്രികളുടെ ഉപയോഗമോ, ഇൻസ്റ്റലേഷനും ഫാബ്രിക്കേഷനുമായി വലിയ

മനുഷ്യാധ്വാനമോ വേണ്ടി വന്നിട്ടില്ല. എ.സി.പി. ഷീറ്റിന്റെ യഥാർത്ഥ മാർക്കറ്റ് വില ഡാറ്റയിൽ ഉള്ളതിനേക്കാളും കുറവാണെന്നതും ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിൽ ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കാതെ വലിയ നിരക്കിന്റെ ഇനം ഉൾപ്പെടുത്തി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ബി. ആദ്യ പട്ടികയിലെ രണ്ടാമത്തെ പദ്ധതിയിൽ രാജീവ് സേവ കേന്ദ്രത്തിന്റെ സ്റ്റേജിന്റെ പ്രവൃത്തിയ്ക്കായി (സ്റ്റേജിന്റെ പുറകുവശം മറ നിർമ്മിച്ചത്)ഉൾപ്പെടുത്തിയത് പി.വി.സി. വുഡൻ ഗ്രേൻസ് പാനൽ ബോർഡ് ഉപയോഗിച്ചുള്ള ഫാൾസ് സീലിംഗിന്റെ ഇനമാണ്. ഫാൾസ് സീലിംഗിനായുള്ള ഇനത്തിൽ ഉയരത്തിൽ പ്രവൃത്തി ചെയ്യുന്നതിന് സ്കാഫോൾഡിംഗ് ചെയ്യുന്നതിനും മറ്റും തുക ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ നടത്തിയ പ്രവൃത്തിയ്ക്ക് മേൽ വിവരിച്ച പ്രകാരമുള്ള സംവിധാനങ്ങളുടെ ആവശ്യം ഉണ്ടാകാനിടയില്ല. ഇത്തരം സന്ദർഭങ്ങളിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാതെ തെറ്റായയിനം ഉൾപ്പെടുത്തി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

5. മറ്റപാകതകൾ

(എ). പ്രോജക്ട് നമ്പർ 157/21ൽ ഇനം 2ആയി 57.52m2 വിസ്തൃതിയിലെ ഇന്റർലോക്ക് ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. ആയത് മറ്റേതെങ്കിലും പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തിയോ എന്ന് വ്യക്തമല്ല. ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, ഇല്ലാത്ത പക്ഷം ആയതിന്റ സ്റ്റോക്ക് കാണിക്കേണ്ടതുമാണ്.

(ബി). 2018-19ൽ രൂപീകരിച്ച ഈ പദ്ധതിയിലെ പ്രവൃത്തികൾ അളവു പുസ്തക പ്രകാരം 25.4.19ന് പൂർത്തീകരിച്ച് ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കുന്നത് 22.6.19 നാണ്. 2019-20 വർഷാരംഭത്തിൽ പൂർത്തീകരിച്ച മേൽ പ്രവൃത്തിയുടെ ബിൽ തുക നൽകുന്നത് 9.9.2020നാണ്. ബിൽ നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

(സി). പ്രോജക്ട് നമ്പർ 113/21ൽ എസ്റ്റിമേറ്റിലെ പകുതിയോളം വരുന്ന തുക വകയിരുത്തിയത് ബ്ലോക്ക് ഓഫീസിന്റെ വൈദ്യുതീകരണത്തിനാണ്. ഈ പ്രവൃത്തി പിന്നീട് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷന്റെ മേൽ നോട്ടത്തിൽ നടന്നിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് ചെലവായ 3,13,204/- രൂപ രണ്ട് വ്യത്യസ്ത പ്രോജക്ടുകളിൽ നിന്നാണ് നൽകിയത്. 2,53,414/- രൂപ ഈ പ്രോജക്ടിൽ നിന്നും, 59,790/- രൂപ പ്രോ.നം.128/21ൽ നിന്നുമാണ് അനുവദിച്ചത്. പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ തന്നെ (19.8.19) വൈദ്യുതീകരണത്തിന് 3,19,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടും പദ്ധതിയടങ്കലിൽ മാറ്റം വരുത്താതെ വ്യത്യസ്ത പ്രോജക്ടുകളിൽ നിന്നും തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകളിലേയ്ക്ക് നയിച്ച സാഹചര്യങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പ്രോജക്ടുകൾ സമഗ്രമായി, ആവശ്യകതയ്ക്കനുസരിച്ച് തയ്യാറാക്കാത്തതിനും, മറ്റപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 തെറ്റായ ഇനം ഉൾപ്പെടുത്തി മണ്ണ് പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്

2020-21 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ മണ്ണ് പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയതിനാൽ അധിക ചെലവുണ്ടായതായി കാണുന്നു. ഓപ്പൺ ഏരിയയിലെ മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കും, സൈഡ് മണ്ണ് കട്ടിംഗിനും ഫൗണ്ടേഷൻ/ട്രഞ്ചസിനുള്ള മണ്ണെടുക്കുന്ന ഇനം ഉൾപ്പെടുത്തിയതിനാലാണ് അധിക ചെലവുണ്ടായത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് വിവരം | നിർവ്വഹണം | അടങ്കൽ/ചെലവ് | യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി | ഉൾപ്പെടുത്തിയ ഇനം/അളവ് /നൽകിയ തുക | നൽകാവുന്ന തുക/അധിക ചെലവ് |
|---|---|---|---|---|---|
| ഉത്പന്ന സംഭരണ വിപണന കേന്ദ്രം, 146/21 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 69,00,000/-<br>42,51,406/- | കെട്ടിടത്തിന്റെ കോളം പ്രവൃത്തിയ്ക്കായി മണ്ണെടുക്കൽ. അളവു പുസ്തകത്തിലെ അളവുകൾ പ്രകാരം 1.85 മീറ്റർ മുതൽ 5.10മീറ്റർ വരെ വീതിയിലാണ് മണ്ണെടുത്തിരിക്കുന്നത്. | 2.8.1.All Kinds Of Soil/380.56 M3<br>@170(25.56% Below)=64695.2 | Tem 2.6.1 പ്രകാരം @128.68<br>(25.56% Below,cost Index 37.25%)<br>380.56 X 128.68=48970<br>അധികം-15725 |
| | | | | Extra Item 2.9.1.Ordinary Rock/97.7m3<br>@335.81(14.36% Below)= 32808.64 | Tem 2.7.1 പ്രകാരം @259.82 (14.36% Below,cost Index 37.25%)<br>97.7 X 259.82= 25384<br>അധികം-7425 |
| ചെറുവാടി സി. എച്ച്.സി., (ഐ.എസ്.ഒ), കൊടിയത്തൂർ, 102/21 | അസി.എക്സി. എഞ്ചിനീയർ | 16,89,238/-<br>11,50,126/- (ഫൈനൽ ബിൽ നൽകിയിട്ടില്ല) | റീടെയിനിംഗ് വാൾ നിർമ്മാണ ത്തിനായി മണ്ണ് സൈഡ് കട്ടിംഗ് | 2.8.1.All Kinds Of Soil/75.95 M3<br>@188.29(13.66% Below)=14301 | Tem 2.6.1 പ്രകാരം @142.52 (13.66% Below,cost Index 31.06%)<br>75.95 X 142.52=10824<br>അധികം-3477 |

| | | | | | |
|---|---|---|---|---|---|
| കളന്തോട് നെച്ചൂളിത്തോട് സൈഡ് സംരക്ഷണം, 45/21 | അസിസ്റ്റന്റ് എഞ്ചിനീയർ | 7,00,000/- 4,72,170/- | തോടിന്റെ സൈഡ് കട്ടിംഗ് | 2.8.1 All Kinds Of Soil/39.906m3 @209.10(4.12% Below)=8344 | Item 2.6.1 പ്രകാരം @158.2(4.12% Below,cost Index 31.06%) 39.906 X 158.2= 6313 അധികം - 2031 |
| ആകെ അധികം | | | | | 28658/- |

മുകളിൽ വിവരിച്ച വിധത്തിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ 28658/- രൂപയുടെ അധിക ചെലവ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ഈ സാഹചര്യം ഉണ്ടാകാനുണ്ടായ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അധികം ചെലവായ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്(26627/- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2031/-അസിസ്റ്റന്റ് എഞ്ചിനീയർ).

1-12 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

1. ഒരു വർഷം മുമ്പേ പൂർത്തീകരിച്ച പ്രവൃത്തിയ്ക്ക് ഫൈനൽ ബിൽ നൽകിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 102/21 ചെറുവാടി സി.എച്ച്.സി.(ഐ.എസ്.ഒ) കൊടിയത്തൂർ എന്നതിലെ പ്രവൃത്തികൾ അളവുപുസ്തക പ്രകാരം 2021 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി 2020-21 വർഷത്തിൽ രണ്ടു പാർട്ട് ബില്ലുകളിലായി 11,50,126/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം വരെ ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ഫൈനൽബിൽ നൽകാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

2. പാർട്ട് ബില്ലുകൾ നൽകുമ്പോൾ റീടെൻഷൻ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ പാർട്ട് ബിൽ നൽകിയ പദ്ധതികളിൽ കരാറുകാരിൽ നിന്നും ഈടാക്കി സൂക്ഷിക്കേണ്ട റീടെൻഷൻ തുക കണക്കാക്കുന്നുണ്ടെങ്കിലും ഈ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നില്ല. റീടെൻഷൻ തുക കിഴിച്ചുള്ള തുക കരാറുകാരന് നൽകുന്നു. റീടെൻഷൻ തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നതിനു പകരം ഇത്തരത്തിൽ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഉദാഹരണം - പ്രോജക്ട് നമ്പർ 96/21കീഴ്പാടം തോട് സംരക്ഷണത്തിന്റെ പാർട്ട് ബിൽ.

3. ബി.ഡി.എസ്.(ബാങ്ക് ഡെപ്പോസിറ്റ് സ്കീം)സംവിധാനം വഴി കരാറുകാരന് തുക നൽകിയ ശേഷം പ്രോജക്ട് അടങ്കലിന്റെ ഫണ്ടിനം മാറ്റി

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 151/21 മയ്യേരിക്കുന്ന് കുടിവെള്ള പദ്ധതി, മാവൂർ എന്നതിൽ 20,00,000/- രൂപ വികസനഫണ്ട് ജനറൽ ആണ് ഫണ്ടിനമായി വകയിരുത്തിയിരുന്നത്. ബഹുവർഷ പദ്ധതിയായിരുന്ന (2018-19, 2019-20) ഈ പ്രവൃത്തിയുടെ ആദ്യത്തേയും, രണ്ടാമത്തേയും പാർട്ട് ബില്ലുകൾ (13,83,867/-, 97,996/-) ബി.ഡി.എസി.

സംവിധാനം വഴി 2019-20 വർഷത്തിൽ കരാറുകാരന് നൽകിയതായി കാണുന്നു. എന്നാൽ 2020-21 ൽ ട്രഷറിയിൽ നിന്നും ആദ്യ പാർട്ടുബില്ലുകളടക്കമുള്ള ബില്ലുകൾ പിൻവലിച്ചപ്പോൾ സുലേഖയിൽ വന്ന ചെലവു വിശദാംശം ഇപ്രകാരമാണ്

| ഫണ്ടിനം | അടങ്കൽ | ചെലവ് |
| --- | --- | --- |
| വികസനഫണ്ട് ജനറൽ | 97,996/- | 14,81,863/- |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 19,02,004/- | 5,17,028/- |
| ആകെ | 20,00,000/- | 19,98,891/- |

ചെലവു പത്രികയിൽ വന്ന ഈ വൈരുദ്ധ്യം പരിശോധിച്ചപ്പോൾ 2020-21 വർഷത്തിൽ ഈ പദ്ധതി സ്പിൽഓവർ ആക്കിയപ്പോൾ അടങ്കൽ തുക 97996/- രൂപ വികസനഫണ്ടും, 19,02,004/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റുമായി മാറ്റിയതായി കാണുന്നു. തുക കരാറുകാരന് അനുവദിച്ച ശേഷം ഇത്തരത്തിൽ അടങ്കൽ തുക മാറ്റി പ്രോജക്ട് ഭേദഗതി ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

1-13 കേരള വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത പ്രോജക്ട് നമ്പർ 187/21 (താത്തൂർ വേങ്ങാട്ടിരി കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ) പ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് (പി.എച്ച്.ഡിവിഷൻ) 7,00,000/-രൂപ ഡെപ്പോസിറ്റ് ആയി തുക കൈമാറിയിട്ടുണ്ട്(ബിൽ നം.20170263012101442919/30.3.21). ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാണെങ്കിലും തുക കൈമാറുന്നതിനു മുമ്പായി നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടിട്ടില്ല. തുക കൈമാറി ഒരു വർഷം പിന്നിടുമ്പോൾ പ്രവൃത്തിയുടെ പുരോഗതി/പൂർത്തീകരണ വിവരം ലഭ്യമല്ല. ഈ പ്രവൃത്തി സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാകുന്നതു വരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

1-14 എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ഗുരുതര വീഴ്ചകൾ

2020-21 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, അവയുടെ നിർവ്വഹണത്തിലും ഗുരുതരമായ വീഴ്ചകൾ സംഭവിക്കുന്നതായും, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അലംഭാവം കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I.എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഭൂരിഭാഗം പ്രവൃത്തികളും പല കാരണങ്ങളാൽ പുതുക്കുന്നതായി കാണുന്നു. ഇതിനൊരു ഉത്തമ ഉദാഹരണമാണ് ബ്ലോക്ക് പഞ്ചായത്ത് കോമ്പോഡിൽ തന്നെയുള്ള വിവിധ പദ്ധതികൾക്കായി രൂപീകരിച്ച നാലു പ്രോജക്ടുകളിൽ മൂന്നെണ്ണവും എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തിയത്.

II പ്രവൃത്തി പൂർത്തീകരണ ശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

ഒരു പ്രവൃത്തി നടന്നു വരുമ്പോൾ അതിൽ എന്തെങ്കിലും ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ ഉണ്ടാകുമ്പോഴും, യഥാർത്ഥത്തിൽ രൂപകല്പ ചെയ്തതിൽ നിന്ന് വലിയ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോഴും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പണി പൂർത്തിയാകുന്നതുവരെയോ, പ്രവൃത്തി പരമാവധി

പുരോഗതി കൈവരിക്കുന്നത് വരെയോ കാത്തിരിക്കേണ്ടതില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് അവസ്ഥകളിൽ ഏതെങ്കിലുമുണ്ടാവുകയാണെങ്കിൽ ഉടൻ തന്നെ പുതിക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അനുമതി വാങ്ങുകയും വേണം. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ എസ്റ്റിമേറ്റ് പുതുക്കിയ വിവിധ പദ്ധതികൾ പരിശോധിച്ചാൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണാം. അളവു പുസ്തകത്തിലെ യഥാർത്ഥ അളവുകൾ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റുകൾ ഇതിനു തെളിവാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഗ്രാമീണ ഉത്പന്ന സംഭരണ വിപണന പരിശീലന കേന്ദ്രം (പ്രോ.നം.146/21), അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോ.നം.128/21, 168/21 എന്നിവ ഇതിനുദാഹരണമാണ്.

ഒരു വർഷം മുമ്പേ (2021 മാർച്ചിൽ)പ്രവൃത്തി പൂർത്തീകരിച്ച പ്രോജക്ട് 102/21 (ചെറുവാടി CHC,ഐ.എസ്.ഒ) രണ്ടു പാർട്ട് ബില്ലുകളാണ് നാളിതു വരെ നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ അധികം ചെയ്ത പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിലെ അളവിൽ ലിമിറ്റ് ചെയ്താണ് നിലവിൽ തുക നൽകിയിരിക്കുന്നത്. ഈ പദ്ധതി 2021-22വർഷത്തിൽ സ്പിൽഓവർ പദ്ധതിയായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെ എസ്റ്റിമേറ്റ് പുതുക്കുകയോ, ഫൈനൽ ബിൽ നൽകുകയോ ചെയ്യാത്തത് മേൽ പരാമർശത്തിന്റെ ഭീകരത കാണിക്കുന്നു.

എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/ 2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

III. എസ്റ്റിമേറ്റിൽ തെറ്റായ ഇനങ്ങൾ ഉൾപ്പെടുത്തുന്നു

വിവിധ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ യഥാർത്ഥ പ്രവൃത്തിയുമായി പൊരുത്തപ്പെടുന്നവയല്ലെന്ന് വ്യക്തമാകുന്നു. തുറന്നയിടങ്ങളിലെ മണ്ണ് പ്രവൃത്തികൾക്കായി ഫൗണ്ടേഷൻ/ട്രഞ്ചസിനുള്ള മണ്ണ് പ്രവൃത്തിയ്ക്കായുള്ള ഇനം തെരെഞ്ഞെടുത്തതും(ഖണ്ഡിക 1-11), എ.സി.പി.ഷീറ്റുപയോഗിച്ചുള്ള പാർട്ടീഷൻ, ചുമർ പാനലിംഗ് എന്നിവയ്ക്ക് വലിയ നിരക്കിലുള്ള ബഹുനില കെട്ടിടങ്ങളുടെ സ്ട്രക്ച്ചറൽ പാനലിംഗിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയതും (ഖണ്ഡിക1-10) ഇതിനുദാഹരണമാണ്. ഇതു വഴി വിവിധ പ്രോജക്ടുകളിൽ അധിക ചെലവുണ്ടാകുന്നുണ്ട്.

IV. വിഭാവനം ചെയ്ത പ്രവൃത്തികൾ അപൂർണ്ണമായി പൂർത്തീകരിക്കുന്നു

ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾ പരിശോധിച്ചാൽ വിഭാവനം ചെയ്യുന്ന മുഴുവൻ പ്രവൃത്തികളും മുഴുവൻ അളവിൽ നടപ്പാക്കുന്നില്ലയെന്ന് കാണാം. പ്രോജക്ട് നമ്പർ 107/21പ്രകാരമുള്ള ശ്മശാന നവീകരണം, പെരുമണ്ണ എന്നതിന്റെ അടങ്കൽ 5,00,000/-രൂപയായിരുന്നു. എന്നാൽ ഈ പദ്ധതിയിൽ 1,58,155/- രൂപയുടെ നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് നടന്നിട്ടുള്ളത്.

V.എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് പദ്ധതിയിൽ നിന്ന് തുക നൽകുന്നു

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പല പ്രോജക്ടുകളിലും അവയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനത്തിന്/പ്രവൃത്തിയ്ക്ക് പ്രോജക്ടിൽ ബാക്കിയുള്ള തുക വിനിയോഗിച്ച് ചെലവു നടത്തിയിരിക്കുന്നു. പ്രോജക്ട് നമ്പർ 113/21ൽ എസ്റ്റിമേറ്റിലെ പകുതിയോളം വരുന്ന തുക വകയിരുത്തിയത് ബ്ലോക്ക് ഓഫീസിന്റെ വൈദ്യുതീകരണത്തിനാണ്. ഈ പ്രവൃത്തി പിന്നീട് പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷന്റെ മേൽ നോട്ടത്തിൽ നടന്നിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് ചെലവായ 3,13,204/- രൂപ രണ്ട് വ്യത്യസ്ത പ്രോജക്ടുകളിൽ നിന്നാണ് നൽകിയത്. 2,53,414/- രൂപ ഈ പ്രോജക്ടിൽ നിന്നും, 59,790/- രൂപ പ്രോ.നം.128/21ൽ നിന്നുമാണ് അനുവദിച്ചത്. പ്രോ.നം.128/21ൽ ഈയിനത്തിന് തുക വകയിരുത്തിയിട്ടില്ല.

മേൽ വിവരിച്ച വിധം എസ്റ്റിമേറ്റുകളും പ്രോജക്ടുകളും പ്രഹസനമായി മാറുന്ന അവസ്ഥ

ഗുരുതരമായി ഓഡിറ്റ് വിലയിരുത്തുന്നു. കൃത്യതയോടെ ആവശ്യങ്ങൾക്കനുസരിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും, എസ്റ്റിമേറ്റുകൾ പുതുക്കുന്ന അവസരങ്ങൾ പരമാവധി ഒഴിവാക്കും വിധം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതും, മാറ്റം വേണമെന്ന് മനസ്സിലാക്കുന്ന സമയം തന്നെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർവർഷങ്ങളിൽ ഈ വിഷയത്തിലുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തി പരാമർശം ഒഴിവാക്കുന്നതാണ്.

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ

പ്രോജക്റ്റ് നം. 130/21

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക :3350000 (വികസന ഫണ്ട് -എസ്.സി.പി)

ചെലവ് തുക :3350000

2019-20 വർഷം (പ്രോജക്റ്റ് നം.71/20) 36 ലക്ഷം വകയിരുത്തിയ പ്രോജക്റ്റിൽ 250000 ചെലവും തുടർന്ന് സ്പിൽ ഓവർ ആയതിൽ 2020-21 വർഷം 3350000 രൂപയും കൂടി മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം 18 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ആകെ 36 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. അതിൽ 12 വിദ്യാർത്ഥികൾക്ക് പെർമിറ്റ്/ വാല്വേഷനുമില്ലാതെയാണ് പഠനമുറിക്കുള്ള ധനസഹായം നൽകിയിരിക്കുന്നത്.

| ക്രമ നം | പേര് | അവസാന ഗഡു (ബിൽ നം/ തിയ്യതി) | അപാകത |
|---|---|---|---|
| 1 | അനന്യ<br>D/o പ്രകാശൻ.പി<br>കാരശ്ശേരി | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 2 | ആദിത്യ<br>S/o സാജു.പി.പി<br>പെരുവയൽ | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 3 | നന്ദന<br>D/o വിജുഷ.കെ.പി<br>പെരുമണ്ണ | BP 13/20-21//26.3.21 | വാല്വേഷൻ ഇല്ല |
| 4 | ജിതുൻ<br>S/o സുബ്രഹ്മണ്യൻ<br>കൊടിയത്തൂർ | BP 13/20-21/26.3.21 | വാല്വേഷൻ ഇല്ല |

| | | | |
|---|---|---|---|
| | | | |
| 5 | അനാമിക<br>D/o റീന.ഇ.പി<br>ചാത്തമംഗലം | ബിൽ നം.BP 9/20-21 /12.1.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 6 | വിഷ്ണു<br>S/oമോഹൻകുമാർ<br>കുന്ദമംഗലം | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 7 | ധീരജ്<br>S/oപ്രകാശൻ.എ.എം<br>കുരുവട്ടൂർ | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 8 | റോമൽ.പി.എം<br>S/o രൂപേഷ്<br>പെരുവയൽ | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 9 | ധൻർവ്വേദ്<br>S/oപ്രശാന്ത്.വി.പി<br>കുരുവട്ടൂർ | BP 13/20-21/26.3.21 | വാല്വേഷൻ ഇല്ല |
| 10 | അഭയ്.ഇ<br>S/oദിനേശൻ<br>കുരുവട്ടൂർ | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 11 | അശ്വനി,<br>D/oവേലായുധൻ<br>പെരുവയൽ | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |
| 12 | അനുഗ്രഹ്.വി.എം<br>S/oസുനിൽ കുമാർ<br>കുരുവട്ടൂർ | BP 13/20-21/26.3.21 | പെർമിറ്റ്, വാല്വേഷൻ ഇല്ല |

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 ,11 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ പണിയിൽ കൂട്ടിച്ചേർത്തലുകൾ വരുത്താനോ വിപുലീകരിക്കാനോ പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങേണ്ടതാണ്. സ.ഉ(കൈ) നം.22/2018/ ത.സ്വ.ഭ.വ,തീയ്യതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് പഠനമുറിക്ക് ധനസഹായം നൽകേണ്ടത്. കെട്ടിട നിർമ്മാണ ചട്ടങ്ങളും സബ്സിഡി മാർഗ്ഗരേഖയും പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 9/2020-21 തിയ്യതി 17.3.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച പഠനമുറികളുടെ പെർമിറ്റും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്വേഷനും ലഭ്യമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ ഇനം ഉൾപ്പെടുത്തി മണ്ണ് പ്രവൃത്തി ചെയ്തതിനാൽ അധിക ചെലവ്

2020-21 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ മണ്ണ് പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയതിനാൽ അധിക ചെലവുണ്ടായതായി കാണുന്നു. ഓപ്പൺ ഏരിയയിലെ മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കും, സൈഡ് മണ്ണ് കട്ടിംഗിനും ഫൗണ്ടേഷൻ/ട്രഞ്ചസിനുള്ള മണ്ണെടുക്കുന്ന ഇനം ഉൾപ്പെടുത്തിയതിനാലാണ് അധിക ചെലവുണ്ടായത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് വിവരം | നിർവ്വഹണം | അടങ്കൽ/ ചെലവ് | യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി | ഉൾപ്പെടുത്തിയ ഇനം/അളവ് /നൽകിയ തുക | നൽകാവുന്ന തുക/അധിക ചെലവ് |
|---|---|---|---|---|---|
| ഉത്പന്ന സംഭരണ വിപണന കേന്ദ്രം, 146/21 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 69,00,000/-<br>42,51,406/- | കെട്ടിടത്തിന്റെ കോളം പ്രവൃത്തിയ്ക്കായി മണ്ണെടുക്കൽ. അളവു പുസ്തകത്തിലെ അളവുകൾ പ്രകാരം 1.85 മീറ്റർ മുതൽ 5.10മീറ്റർ വരെ വീതിയിലാണ് മണ്ണെടുത്തിരിക്കുന്നത്. | 2.8.1.All Kinds Of Soil/380.56 M3<br>@170(25.56% Below)=64695.2 | Tem 2.6.1 പ്രകാരം @128.68 (25.56% Below,cost Index 37.25%)<br>380.56 X 128.68= 48970<br>അധികം-<br>15725 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | Extra Item 2.9.1.Ordinary Rock/97.7m3 @335.81(14.36% Below)=32808.64 | Tem 2.7.1 പ്രകാരം @259.82 (14.36% Below,cost Index 37.25%) 97.7 X 259.82 = 25384 അധികം- 7425 |
| ചെറുവാടി സി. എച്ച്.സി., (ഐ.എസ്.ഒ), കൊടിയത്തൂർ, 102/21 | അസി.എക്സി. എഞ്ചിനീയർ | 16,89,238/- 11,50,126/- (ഫൈനൽ ബിൽ നൽകിയിട്ടില്ല) | റീടെയിനിംഗ് വാൾ നിർമ്മാണത്തിനായി മണ്ണ് സൈഡ് കട്ടിംഗ് | 2.8.1.All Kinds Of Soil/75.95 M3 @188.29(13.66% Below)=14301 | Tem 2.6.1 പ്രകാരം @142.52 (13.66% Below,cost Index 31.06%) 75.95 X 142.52=10824 അധികം- 3477 |
| കളന്തോട് നെച്ചൂളിത്തോട് സൈഡ് സംരക്ഷണം, 45/21 | അസി.എഞ്ചിനീയർ | 7,00,000/- 4,72,170/- | തോടിന്റെ സൈഡ് കട്ടിംഗ് | 2.8.1 All Kinds Of Soil/39.906m3 @209.10(4.12% Below)=8344 | Item 2.6.1 പ്രകാരം @158.2(4.12% Below,cost Index 31.06%) 39.906 X 158.2= 6313 അധികം -2031 |
| ആകെ അധികം | | | | | 28658/- |

മുകളിൽ വിവരിച്ച വിധത്തിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ 28658/- രൂപയുടെ അധിക ചെലവ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. ഈ സാഹചര്യം ഉണ്ടാകാനുണ്ടായ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അധികം ചെലവായ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്(26627/- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2031/-അസിസ്റ്റന്റ് എഞ്ചിനീയർ).

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 14-3-2022, 15-03-2022 | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

-ഇല്ല-

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല-

### 4-5 വായ്പ / വായ്പാതിരിച്ചടവ്

-ഇല്ല-

### 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

### 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999 | 41a | ജനകീയാസൂത്രണ നടത്തിപ്പിൽ അപാകതകൾ - ശിവഗിരി ശുദ്ധജലപദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിനും നടപടിക്കും സമിതി ശുപാർശ ചെയ്തു. |

| | | | |
|---|---|---|---|
| 1999 | 41b | പൈലങ്ങോട്ട് ചുരം - പാലോംകുന്ന് ശുദ്ധജല പദ്ധതി - ക്രമരഹിതമായി മുൻക്കൂർ നൽകി | -ടി- |
| 1999 | 41c | കൊടിയത്തൂർ - കോട്ടമ്മൽ ശുദ്ധജലപദ്ധതി | -ടി- |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 115307938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 118746481 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28658 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2895639 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 28658 | 26627-സിന്ധു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2031-റൂബി നസീർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 2195639 | സനിൽകുമാർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-13 | 700000 | സിന്ധു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേര് | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1 | സിന്ധു എൻ | നൃഞ്ഞിയിൽ , പാലാഴി,,<br>ജി എ കോളേജ് (പി ഒ),<br>കോഴിക്കോട് |
| 2 | റൂബി നസീർ | റൂബി ഹൗസ്,കരീപുഴ,<br>കാവനാട് പി ഒ,കൊല്ലം-691003 |
| 3 | സനിൽകുമാർ, | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കടലുണ്ടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1995-98 | പി 7/2022/12(1)/15-2-2013 | 28,29,30 |
| 1998-99 | പി 7/2022/12(2)/15-2-2013 | 28(1),37 |
| 1999-200 | പി 7/2022/12(3)/15-2-2013 | 37,39(4)46(ബി2)49(2,5,6) |
| 2000-01 | പി 7/2022/12(4)/15-2-2013 | 38,39,40,42,44,<br>45(1,2,3,4),46 |
| 2001-02(പ്ലാന്) | പി 7/2022/12(5)/15-2-2013 | 8, 13(1,2,9),<br>14എ(1,4,6,8,11,14,16,18,19),<br>14ബി(1,2,3,4,5)15,19(1)21 |
| 2001-2(ചെലവ്) | എസ് 1 308/04/08-07-2004 | 24,25,26,27,28 |
| 2002-03 | പി 7/2022/12(6)/15-2-2013 | 27,28,29,31,33,34(2),37,38,39,41 |
| 2003-04 | പി 7/2022/12(7)/15-2-2013 | 3-1,3-4,3-6,3-9 |

| | | |
|---|---|---|
| 2004-05 | പി 7/2022/12(8)/15-2-2013 | 2-4,2-5,2-7(2,5),2-8,2-9,,2-1,2-14 |
| 2005-06 | പി 7/2022/12(9)/15-2-2013 | 3-1,3-2,3-4,3-7(1,2),3-14 |
| 2006-07 | പി 7/2022/12(10)/15-2-2013 | 3-2(2),3-5,3-6,3-10,3-13, 3-18,3-21,3-24 |
| 2007-08 | പി 7/2022/12(11)/15-2-2013 | 3-2(2),3-5,3-6,3-10,3-13, 3-18,3-21,3-24 |
| 2008-09 | പി 7/2022/12(12)/15-2-2013 | 3-4(3,4,5),3-5,3-6(1,3),3-8, 3-9,3-10,3-11,3-12, 3-14,3-15,3-17 |
| 2009-10 | പി 7/2022/12(13)/15-2-2013 | 2-1,2-3,3-2,3-4,3-5(1,2), 3-8,3-9(2),3-10,3-13 3-14,3-15,3-17,3-18,3-19,3-20, |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.(പി 7) 1796/13/17-2-14 | 2-1,2-2,3-1,3-2,3-3,3-4, 3-6,3-7,3-8(1) 3-9,3-10,3-11,3-12,3-13,3-14,3-15 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.(പി 7) 275/14/14-7-14 | 3-1,3-23-5(3),3-6,3-7(1,4), 3-14(1,2,3,4 5,6,7,8,912,16,17,18,19,21),4-2,4-3 |
| 2012-13,13-14 | എൽ.എഫ്.കെ.കെ.ഡി.(പി 7) 1177/15/9-9-2015 | 2-1,3-1,3-2,3-4(1)3-5,3-6,3-10,3-11, 3-12,3-13,3-14,3-15,3-17,(2,3,4,7), 3-18,3-18,3-20 |
| 2014-15,15-16 | കെ.എസ്.എ-കെ.കെ.ഡി/ പി7/486 /2017/24-3-2017 | 2-1,2-2,3-1,3-2,3-3,3-4,3-6, 3-7,3-8,3-9,3-10 3-11,3-12,3-13,3-15,3-16,3-17, 3-18,3-19,3-20 3-21,3-22,3-23,4-1,4-2 |
| 2016-17 | നം.കെ.എസ്.എ/കെ.കെ.ഡി/ പി7/1934/17/26.3.2018 | 2-1,,3-1,3-2,3-3,3-4,3-5, 3-6,3-7,3-8, 3-9,3-10,3-11 |
| 2017-18 | നം.കെ.എസ്.എ/കെ.കെ.ഡി/ പി7/2049/18/ 27-07-2019 | 1-10,1-12,2-3,3-1 മുതൽ 16 വരെ |
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി/ പി11/927/20/14-10-2020 | 1-8,1-9,1-10,1-11,1-12, 1-14,1-16, 1-17,1-18,1-19(1)(3)(4)(6) 1-21 3-1,3-2,4-11 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്